ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ഒന്നും പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 16-ഉം പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ നിലവിലുണ്ട്.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലിൽ 30 വിദ്യാർത്ഥികൾക്ക് താമസസൗകര്യമുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഹോസ്റ്റലുകളെ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി

146 [309] ശ്രീ. കെ. പി. സതീഷ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എഞ്ചിനീയറിംഗ് കോളേജും അപ്ലൈഡ് സയൻസ് കോളേജും ഉൾപ്പെടെ വിവിധ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ചീമേനിയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച സ്ഥലം എം.എൽ.എ.-യുടെ നിവേദനം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) നിർദ്ദിഷ്ട പോസ്റ്റുമെട്രിക് ഹോസ്റ്റൽ 2004-2005 വർഷം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) ചീമേനിയിൽ പോസ്റ്റുമെട്രിക് ഹോസ്റ്റൽ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള എം.എൽ.എ.-യുടെ നിവേദനം ലഭിച്ചിട്ടുണ്ട്. സാദ്ധ്യതാ പഠനം നടത്തിവരുന്നു.

അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തനം

147 [310] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ മണ്ണന്തലയിലുള്ള നിർദ്ദിഷ്ട അംബേദ്ക്കർ ഭവന്റെ നിർമ്മാണ പ്രവർത്തങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അംബേദ്ക്കർ ഭവൻ എന്നു മുതൽ പ്രവർത്തിച്ചു തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ;

---

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly